E CHN 1

മാതൃഭൂമി ധനകാര്യം

www.mb4fin.com
mbidhana@gmail.com

2014 മെയ് 5 തിങ്കളാഴ്ച

# നീര ഡ്രിങ്ക് വിപണിയിലേക്ക്

ആർ. റോഷൻ

കേരകർഷകർക്ക് നല്ല കാലത്തിന്റെ സൂചന നൽകി നീര ഡ്രിങ്ക് വിപണിയിലേക്കെത്തുന്നു. ആദ്യ വർഷം ഏതാണ്ട് 1,150 കോടി രൂപയുടെ നീരയാകും വിപണി പിടിക്കുക. മദ്യാംശം തീരെയില്ലാത്ത പോഷക പാനീയം എന്ന നിലയിലാണ് വിപണനം. കേരളത്തിലെ 173 നാളികേരോത്പാദക ഫെഡറേഷനുകളുടെ നേതൃത്വത്തിൽ ഏതാണ്ട് 2.59 ലക്ഷം തെങ്ങുകളിൽ നിന്നാവും നീര എടുക്കുക. ഫെഡറേഷനുകൾക്ക് കീഴിൽ 12 ഉത്പാദക കമ്പനികളാണ് നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ തയ്യാറായിരിക്കുന്നത്.

ഒരു തെങ്ങിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ നീര ലഭിക്കുമെന്നാണ് കണക്ക്. ഇതനുസരിച്ച് 2,59,500 തെങ്ങുകളിൽ നിന്നായി പ്രതിദിനം 3.89 ലക്ഷം ലിറ്റർ നീര ഉത്പാദിപ്പിക്കാനാകും. ലിറ്ററിന് 100-125 രൂപയായിരിക്കും വിപണിവിലയെന്നാണ് സൂചന. വിപണന-വിതരണ ചെലവുകൾ കഴിച്ച് 3.89 ലക്ഷം ലിറ്ററിന്റെ വിൽപ്പനയിലൂടെ ഒരു വർഷം 1,150 കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതിൽ പകുതിയും കേരകർഷകർക്കാണ് ലഭിക്കുക. ഒരു ലിറ്റർ നീര എടുക്കുമ്പോൾ കർഷകന് 50 രൂപ നൽകണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് 10 തെങ്ങുകൾ നീര ഉത്പാദിപ്പിക്കാനായി നൽകുന്ന ഒരു കർഷകന് 15,000 രൂപ മുതൽ 30,000 രൂപ വരെ ലഭിക്കും.

നീരയുടെ ഉത്പാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതോടെ വൻതോതിൽ തൊഴിലവസരവും തുറക്കപ്പെടും. തെങ്ങിൽ കയറി നീര എടുക്കുന്ന നീര ടെക്നിഷ്യന്മാർക്കാണ് ഏറ്റവുമധികം തൊഴിലവസരമുള്ളത്. ആദ്യഘട്ടത്തിൽ തന്നെ 13,000 ത്തിനടുത്ത് നീര ടെക്നിഷ്യന്മാരെ ആവശ്യമായി വരും. ഒരു ലിറ്റർ നീര എടുക്കുന്നതിന് 25 രൂപയാണ് ഇവരുടെ വേതനം. ദിവസേന 20 തെങ്ങിൽ കയറുന്ന ഒരു ടെക്നിഷ്യന് 30,000 രൂപവരെ മാസവരുമാനം ലഭിക്കുമെന്നാണ് പ്രാഥമിക കണക്ക്.

ഇതിന് പുറമെയാണ് നീര സംസ്കരണ യൂണിറ്റുകളിലെ തൊഴിലവസരങ്ങൾ. ഉത്പാദനം, പാക്കിങ് എന്നിവയ്ക്കും വൻതോതിൽ തൊഴിലാളികളെ ആവശ്യമായി വരും. വിതരണം, വിപണനം എന്നിവയ്ക്കും ജീവനക്കാരെ വേണ്ടിവരും. സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ, ബേക്കറികൾ എന്നിവയിലൂടെയാവും നീര ഡ്രിങ്ക് മുഖ്യമായും വിപണനം ചെയ്യുക. കൂടാതെ, വിമാനത്താവളങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ഷോപ്പിങ് മാളുകൾ എന്നിവിടങ്ങളിലൊക്കെ വെൻഡിങ് മെഷീനുകൾ സ്ഥാപിക്കാനും നീര ഉത്പാദകർക്ക് പദ്ധതിയുണ്ട്. നീര ഡ്രിങ്കിൽ മാത്രം ഒതുങ്ങുന്നതല്ല ഈ വിപണി. നീരയിൽ നിന്ന് തന്നെയുള്ള ഒരു ഡസനിലേറെ മൂല്യവർധിത ഉത്പന്നങ്ങളും വിപണിയിലെത്തിക്കാൻ പദ്ധതിയുണ്ട്.



## 1150 കോടിയുടെ വിപണി ലക്ഷ്യം

പഞ്ചസാരയുടെ അംശം തീരെയില്ലാത്ത നീര കേക്ക്, ജിലേബി, ചോക്ലേറ്റ്, ഗുലാബ് ജാമുൻ, ശർക്കര, നീര ജാം, നീര ക്രിസ്റ്റൽ ഷുഗർ എന്നിവ ഇതിൽ പെടുന്നു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള ടെക്നോളജി ഡെവലപ്മെന്റ് സെന്റർ വികസിപ്പിച്ച ഈ ഉത്പന്നങ്ങളുടെ സാങ്കേതിക വിദ്യ നീര ഉത്പാദകർക്ക് സൗജന്യമായി ലഭ്യമാക്കും.

### എക്സൈസ് അനുമതി തെങ്ങുകൾക്ക് മാത്രം

നീര ചെത്തുന്ന തെങ്ങുകൾക്ക് മാത്രമാണ് എക്സൈസിന്റെ അനുമതി ആവശ്യമായി വരിക. തെങ്ങുകൾ എക്സൈസ് അധികൃതരായിരിക്കും മാർക്ക് ചെയ്ത് നൽകുക. ഇതു പൂർത്തിയായാലുടൻ ആ തെങ്ങുകളിൽ നിന്ന് നീര ചെത്താൻ തുടങ്ങാം.

നീരയുടെ ഉത്പാദനത്തിനോ വിപണനത്തിനോ എക്സൈസിന്റെ അനുമതി ആവശ്യമില്ല.

ഉത്പാദനം ജൂലായിൽ ആരംഭിക്കാനായിരുന്നു നേരത്തെ പദ്ധതിയിട്ടതെങ്കിലും എക്സൈസ് അധികൃതർ തെങ്ങുകൾ മാർക്ക് ചെയ്തു നൽകാത്തതിനാൽ വൈകാനിടയുണ്ട്.

## കേര കർഷകർക്ക് ഇനി സുവർണകാലം

കേരളത്തിൽ ഇപ്പോൾ ഒരു തെങ്ങിൽ നിന്ന് ലഭിക്കുന്ന ശരാശരി വാർഷിക വരുമാനം 500-600 രൂപ മാത്രമാണ്. നീര ഉൾപ്പെടെയുള്ള മൂല്യവർധനയിലൂടെ ഇത് 7,500 രൂപ വരെയായി ഉയർത്താമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐ.എ.എസ്. പറഞ്ഞു.

കേരളത്തിൽ 2,59,500 തെങ്ങുകളിൽ നിന്ന് മാത്രമാണ് നീര എടുക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിരിക്കുന്നത്. കേരളത്തിലെ 18 കോടി തെങ്ങുകളുടെ 0.14 ശതമാനം മാത്രമാണ് ഇത്.



ടി.കെ. ജോസ്

പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുന്ന പദ്ധതി വിജയമായാൽ കൂടുതൽ തെങ്ങുകളിൽ നിന്ന് നീര ഉത്പാദിപ്പിക്കാനാകുമെന്നാണ് കരുതുന്നത്.

സംസ്ഥാനത്തെ മൊത്തം തെങ്ങിന്റെ ഒരു ശതമാനത്തിൽ നിന്നെങ്കിലും നീര എടുത്താൽ മാത്രമേ കേരളത്തിന്റെ മുഴുവൻ ആവശ്യവും നിറവേറ്റാനാകുകയുള്ളൂ. 10 ശതമാനത്തിലെത്തിച്ചാൽ ഇന്ത്യയിലെ മുഴുവൻ ആവശ്യത്തിനുമുള്ള നീര വിപണിയിലെത്തിക്കാനാകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഒരു ശതമാനത്തിലേക്ക് നീര ഉത്പാദനം ഉയർത്തിയാൽ ഒരു ലക്ഷം തൊഴിലവസരങ്ങളാവും ഈ രംഗത്തുണ്ടാവുക. സംസ്ഥാനത്തിന് നികുതി ഇനത്തിൽ 5,400 കോടി രൂപയുടെ അധിക വരുമാനവും ലഭിക്കും. ഉത്പാദനം 10 ശതമാനത്തിലേക്ക് ഉയർത്തിയാൽ തൊഴിലവസരം 10 ലക്ഷമായും നികുതി ഇനത്തിലെ അധിക വരുമാനം 54,000 കോടി രൂപയായും വർധിപ്പിക്കാനാകും. ഭാവിയിൽ വിദേശത്തേക്ക് പോലും നീര കയറ്റുമതി ചെയ്യാനാകുമെന്ന് ടി.കെ. ജോസ് പ്രതീക്ഷ പ്രകടിപ്പിച്ചു.